● കെ.പി കുഞ്ഞിമ്മൂസ്സ

# മതിപ്പും ആദരവും ഇല്ലാതാക്കിയതാര്?

**അഭിപ്രായവ്യത്യാസങ്ങളും** വീക്ഷണ വൈവിധ്യങ്ങളും അവസാനിപ്പിക്കാനാവില്ലെന്നിരിക്കെ രണ്ടുസംഘടനകൾ രണ്ടു സംസ്ഥാന സമ്മേളനങ്ങൾ നടത്തിയതിന് *പ്രബോധനം* ആനക്കാര്യമായി എടുക്കേണ്ടിയിരുന്നില്ല. ഒരു ഡസൻ സമുദായനേതാക്കൾ കുരുടൻ ആനയെ കണ്ടതുപോലെയാണ് പ്രശ്നത്തെ വിലയിരുത്തിയതും. ഒരു പ്രമുഖ ഇംഗ്ലീഷ് പത്രത്തിന്റെ കോഴിക്കോട്ടെ ചീഫ് കറസ്പോണ്ടന്റ് ഏതാനും മാസം മുമ്പ് ചോദിച്ച ചോദ്യം ഞാനാവർത്തിക്കട്ടെ: '*പ്രബോധനം* ഉൾപ്പടെ ഇരുപതിലേറെ മുസ്‌ലിം പ്രസിദ്ധീകരണങ്ങൾ കോഴിക്കോട്ടുനിന്നും പുറത്തിറങ്ങിയിട്ടും, സമദാനിയുൾപ്പടെയുള്ളവരുടെ പരിപാടികൾ നടന്നിട്ടും അതിന്നനുസൃതമായ സാംസ്കാരിക നിലവാരവും വളർച്ചയും മുസ്‌ലിംകളിൽ കാണപ്പെടാത്തതെന്തേ?'

ആദ്യമായി ശൈഖ്മുഹമ്മദിന്റെ സ്വപ്നത്തിൽനിന്ന് തുടങ്ങട്ടെ. കിടമത്സരങ്ങളും പരസ്പര നശീകരണ ശ്രമങ്ങളും ആർക്കെങ്കിലും എന്തെങ്കിലും ഗുണം ചെയ്യുമോ എന്ന ചോദ്യത്തിന്, പള്ളികളും മദ്റസകളും ഓഫീസുകളും സ്വന്തമാക്കാനാവുമെന്ന ഉത്തരവും ലേഖനത്തിലുണ്ട്. മതവും മതസംഘടനകളുമൊക്കെ ചിലർക്ക് നേതാക്കളാകാനും സുഖജീവിതത്തിന് സാഹചര്യമൊരുക്കാനുമുള്ളതാണെന്ന കാഴ്ചപ്പാട് ആർക്കാണ് നിഷേധിക്കാനാവുക? മതരംഗത്ത് പ്രവർത്തിക്കുവന്നവർക്ക് മത കച്ചവടക്കാരെന്ന മുദ്ര പതിയാൻ ഇതുതന്നെ ധാരാളമല്ലേ?

ഐക്യം രൂപപ്പെടുത്താനും യോജിക്കാനുള്ള ശ്രമങ്ങളെ നിരുത്സാഹപ്പെടുത്താനും തകർക്കാനും മുൻകൈയെടുത്തവരുടെ കൈകളിലാണ് പുതിയ നേതൃത്വം. ഒന്നിനെ രണ്ടാക്കാനും രണ്ടിനെ മൂന്നാക്കാനും പഠിച്ചവർ! ഇവരെയൊക്കെ വിളിച്ച് വർഷത്തിൽ ഒരു ദിവസം നോമ്പ് തുറപ്പിച്ചാൽ പ്രശ്നങ്ങൾ തീരുമെന്ന് ധരിച്ചവർ എത്ര നിഷ്കളങ്കർ!

കേരളമുസ്‌ലിംകൾക്ക് പി.എ. സെയ്ദുമുഹമ്മദും ടി.പി കുട്ട്യാമുസാഹിബുമൊക്കെ പണിപ്പെട്ടുണ്ടാക്കിയ ഐക്യവേദിയായിരുന്നു 'കേരള ഇസ്‌ലാമിക് സെമിനാർ.' 'സെമിനാർ' കാഴ്ചവെച്ച നേട്ടങ്ങളെക്കുറിച്ച് ഞാൻ സഹപത്രാധിപരായ പത്രത്തിൽ ഒരു ലേഖനമെഴുതിയപ്പോൾ എനിക്ക് കിട്ടിയ മറുപടിയും അതേ പത്രത്തിൽ അച്ചടിച്ചുവന്നു. ഇൻഫർമേഷൻ ടെക്നോളജി യുഗത്തിൽ പഴയ ഇസ്‌ലാമിക് സെമിനാറിന്റെ നോട്ടീസും സോവനീറും എടുത്തു നടത്താൻ കുഞ്ഞിമ്മൂസക്ക് നാണമില്ലേ എന്നായിരുന്നു അതിലെ പ്രധാന ചോദ്യം.

മുസ്‌ലിം പ്രസിദ്ധീകരണങ്ങൾക്ക് മാന്യമായ പെരുമാറ്റച്ചട്ടമുണ്ടാക്കാൻ എന്നോടൊപ്പം പാടുപെട്ട വ്യക്തിയാണ് ശൈഖ്മുഹമ്മദ്. മീഡിയാഫോറത്തിന്റെ അകാലചരമത്തിന് വഴിമരുന്നിട്ടതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ആർക്കാണ് ഒഴിഞ്ഞുമാറാനാവുക? അനുയായികളെ വിദ്യാഭ്യാസം ചെയ്യിക്കാനോ സംസ്കരിക്കാനോ തയാറാവാത്ത നേതൃത്വം പണാധിപത്യത്തിന്റെ പിടിയിൽപെട്ട് നാണക്കേടിലായിരിക്കുന്നു.

പരസ്പരം ഒറ്റിക്കൊടുക്കാനുള്ള ശ്രമത്തിൽ ചിലർ വ്യാപൃതരായിരിക്കുന്നു. ഒന്നിച്ചു നിൽക്കുന്നവർ പോലും പരസ്പരം പാരകളായി മാറുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ കെ.എം മൗലവി തുടങ്ങിയവരുടെ ചട്ടങ്ങളും ഇ.കെ മൗലവിയുടെ ന്യൂ അൻസാരി നബിദിനപതിപ്പ് സന്ദേശവും ഇവരുടെ കണ്ണ് തുറപ്പിക്കുമോ? സുമനസ്സുകളുടെ സ്വപ്നം പൂവണിയുമോ?

മുസ്‌ലിംകൾ തങ്ങളുടെതല്ലാത്ത സംഘടനകളെ സംബന്ധിച്ച് അമുസ്‌ലിംകളോട് മോശമായി സംസാരിക്കുക കൂടി ചെയ്യുമ്പോൾ എന്താണ് സംഭവിക്കുകയെന്ന് ശൈഖ്മുഹമ്മദ് ചോദിക്കുന്നുണ്ട്. നാമമാത്ര മുസ്‌ലിംകളാണ് ഇങ്ങനെ ചെയ്യുന്നതെന്ന് നമുക്കറിയാം. ഇതര മതസമൂഹങ്ങളിലും മുസ്‌ലിം ചെറുപ്പക്കാരിലും അഭ്യസ്തവിദ്യരിലും മതത്തെയും മതനേതൃത്വത്തെയും സംബന്ധിച്ച മതിപ്പും ആദരവും ഇല്ലാതാക്കിയത് ഇത്തരം 'നാമമാത്രമുസ്‌ലിംകൾ' തന്നെയാണ്.

ആത്മാർഥതയുണ്ടെങ്കിൽ ഐക്യത്തിന് തടസ്സമില്ലെന്ന് പറയുന്ന ചെറിയ മുണ്ടം അബ്ദുൽഹമീദ് മദനി വേറെ വേറെ ജുമുഅകളും ഈദ്ഗാഹുകളും നടത്തുന്നത് ഇസ്‌ലാമികമായി സാധ്യതയില്ലാത്ത കക്ഷിമാത്സര്യമായി ചിത്രീകരിച്ചിട്ടുണ്ട്(*പ്രബോധനം* ഫെബ്രുവരി 9, പേജ്: 14). ഇത് കണക്കിലെടുത്ത് അടുത്ത വർഷമെങ്കിലും കോഴിക്കോട്ടെ ചേരിതിരിഞ്ഞുള്ള ഈദ്ഗാഹ് ഉണ്ടാവില്ലെന്ന് ഉറപ്പാക്കാം. ആത്മാർഥതയുണ്ടെങ്കിൽ ഈദ്ഗാഹ് ഒഴിവാക്കുന്നതിൽ തടസ്സമില്ലല്ലോ. അനാവശ്യമായ വാശി ഉപേക്ഷിച്ചാൽ മുജാഹിദ് സംഘടനകൾക്ക് ഐക്യപ്പെടാൻ മറ്റ് തടസ്സമൊന്നുമില്ലെന്ന ഭാഗം അടിവരയിടേണ്ടതുതന്നെ.

വോട്ടുബാങ്കുമായി ബന്ധപ്പെട്ട നിലയിൽ പ്രതികരിച്ച രാഷ്ട്രീയ നേതാക്കളെ കുറ്റപ്പെടുത്തിക്കൂടാ. ലീഗ് സെക്രട്ടറി സദാ ആഗ്രഹിക്കുന്ന സമുദായ ഐക്യവും കെ.പി.സി.സി സെക്രട്ടറി ആഗ്രഹിക്കുന്ന സമ്പൂർണ ഐക്യവും ഈ ഗണത്തിൽ പെട്ടതാവാം. എന്നാൽ എം.ഇ.എസ് പ്രസിഡന്റിന്റെ അരാഷ്ട്രീയ വാദം അംഗീകരിക്കാനാവില്ല. രാഷ്ട്രീയ സംഘടനകളുടെ പിൻബലമില്ലാതെയാണ് സർക്കാറിൽ നിന്ന് ആവശ്യങ്ങളെല്ലാം നേടിയെടുത്തതെന്ന അവകാശവാദം പഴയ കാലത്തെ കേരള മുസ്‌ലിം ജമാഅത്ത് കൗൺസിലിന്റെ കുപ്പിയിൽ നിറച്ച പുതിയ വീഞ്ഞായിപ്പോയി.

മുജാഹിദ് പ്രസ്ഥാനത്തിന്റെ

സ്ഥാപകനേതാക്കളിലൊരാളായ ഇ.കെ.മൗലവി സാഹിബിന്റെ ഐക്യ സന്ദേശം ഇന്നത്തെ സമുദായ പരിഷ്കർത്താക്കൾ ഒരാവൃത്തി വായിക്കുന്നത് നന്ന്. തർക്കിക്കാനും ജയിക്കാനും കച്ചകെട്ടിയവർക്ക് അറിയാനും അറിയിക്കാനുമുള്ള സൗമനസ്യം ഇതുവഴിയുണ്ടാവും. സർവമതസമ്മേളനത്തിലെ ഇ.കെ മൗലവിയുടെ പ്രസംഗം ശ്രവിച്ച ശ്രീനാരായണ ഗുരുസ്വാമി അദ്ദേഹത്തെ കെട്ടിപ്പിടിച്ച് ആശ്ലേഷിച്ച് അദ്വൈതാശ്രമത്തിൽ കൊണ്ടുപോയി സ്വീകരണം സംഘടിപ്പിച്ചു. ഇ.കെ.മൗലവിയുടെ പ്രസംഗവും ഇന്നത്തെ പ്രസംഗകർ നടത്തുന്ന മിമിക്രിയും തമ്മിലുള്ള അന്തരം മനസ്സിലാക്കാൻ *പ്രബോധനം* വഴി സാധിച്ചു.

കൂട്ടത്തിൽ ഒരു കാര്യം കൂടി സൂചിപ്പിക്കട്ടെ. സ്ഥാനത്തും അസ്ഥാനത്തും സുന്നികളേയും സമസ്തയെയും കൊട്ടുന്നതിൽ വരികൾക്കിടയിലൂടെ നടത്തിയ ശ്രമം വേദനിപ്പിക്കുന്നതായി.

സമസ്ത ഒരു നവോത്ഥാന പ്രവർത്തനങ്ങൾക്കും കൂട്ടുനിന്നിട്ടില്ലെന്നും സമസ്ത അന്ധവിശ്വാസങ്ങൾക്ക് പ്രചോദനം നൽകുന്നുവെന്നും അനാചാരങ്ങളാണ് അതിന്റെ മുഖമുദ്രയെന്നും തോന്നിപ്പിക്കുന്ന വാക്കുകളും സ്വരങ്ങളും വരികൾക്കിടയിൽ കുത്തിത്തിരുകിയത് 'ആകാശഭൂമികളോളം വിശാലമായ ആവിഷ്കാര സ്വാതന്ത്ര്യമുള്ള' *പ്രബോധന*ത്തിന് യോജിച്ചതായില്ല. ■